## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2160

18.03.2015-ലെ മറുപടിയ്ക്ക്

### നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>,, ടി.എൻ. പ്രതാപൻ<br>,, ആർ . സെൽവരാജ്<br>,, ലൂഡി ലൂയിസ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 2.7.2012 ലെ ജി.ഒ(പി) 81/2012/സഹ (എസ്.ആർ.ഒ.492/12) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിലവിൽ വന്നിട്ടുണ്ട്. വകുപ്പ് മന്ത്രി ചെയർമാനായാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായി എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ |

നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, നിക്ഷേപകരെ കൂടുതൽ ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏതുതരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഈ സാഹചര്യത്തിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി |

നിക്ഷേപകന് പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല. ഇതിനായി നിക്ഷപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ സ്കീമിൽ ചേരുന്ന ആദ്യവർഷം അവരുടെ നിക്ഷേപ ബാക്കി നിൽപിന്റെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപ്പസ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്. തുടർന്നുള്ള വർഷം നിക്ഷേപ വർദ്ധനവിന് മേൽ പരാമർശിച്ച നിരക്കിൽ പ്രീമിയം അടക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപ്പസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തനത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും, ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നും റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും

രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായി സഹകരണ സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങൾക്കാണ് പ്രസ്തുത നിക്ഷേപ സുരക്ഷാപദ്ധതി ബാധകമായിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ തുടങ്ങി ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൂടി വരുന്ന സഹകരണ ബാങ്കുകൾക്ക് നിലവിൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീമാണ് ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ